**പതിനാലാം കേരള നിയമസഭ**

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2704 **09.03.2017**-ലെ മറുപടിക്ക്

<u>പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സ്വന്തമായി സ്ഥലവും വീടും</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എ.പി.അനിൽ കുമാർ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.എം.വിൻസെന്റ്** | | **ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്രപേർക്കാണ് സ്വന്തമായി സ്ഥലവും വീടും ഇല്ലെന്ന് കണ്ടെത്തിയിട്ടുള്ളത്; | (എ) | <table><tr><td>1.04.2016 ലെ സ്ഥിതി</td><td>പട്ടികജാതി വിഭാഗം</td><td>പട്ടികവർഗ്ഗ വിഭാഗം</td></tr><tr><td>സ്വന്തമായി സ്ഥലമില്ലാത്തവർ</td><td>30698</td><td>12435</td></tr><tr><td>സ്വന്തമായി വീടില്ലാത്തവർ</td><td>26210</td><td>15149</td></tr></table> |
| (ബി) | സ്വന്തമായി സ്ഥലവും വീടും നൽകുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; | (ബി) | ഭൂമിയില്ലാത്ത പട്ടികജാതിക്കാർക്കായി ഭൂരഹിത പുനരധിവാസ പദ്ധതിയും, സ്വന്തമായി ഭൂമിയുള്ള ഭവന രഹിതർക്കായി ഭവന നിർമ്മാണ ധനസഹായ പദ്ധതിയും നടപ്പാക്കുന്നു.<br>ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകൽ പദ്ധതി, ആദിവാസി പുനരധിവാസ മിഷൻ, വനാവകാശ നിയമം എന്നീ പദ്ധതികൾ പ്രകാരം ഭൂമിയും ഭവനരഹിതർക്ക് ജനറൽ ഹൗസിംഗ്, ഹഡ്കോ ഭവന നിർമ്മാണം, എ.റ്റി.എസ്.പി ഭവന നിർമ്മാണം, വനബന്ധു കല്യാൺ യോജന എന്നീ പദ്ധതികളിലുൾപ്പെടുത്തി വീടുകളും അനുവദിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | ഈ സർക്കാർ നിലവിൽ വന്നശേഷം ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളും അതിന്റെ ഗുണഭോക്താക്കളുടെ എണ്ണവും വെളിപ്പെടുത്തുമോ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇക്കാര്യത്തിൽ സ്വീകരിച്ച നടപടിയും ഗുണഭോക്താക്കളുടെ എണ്ണവും ചുവടെ ചേർക്കുന്നു.<br><br>__പട്ടികജാതി വികസന വകുപ്പ്__<br><br>എ) ഭൂമി അനുവദിച്ചു നൽകിയ ഭൂരഹിതരുടെ എണ്ണം : 3413<br><br>ബി) ഭവനനിർമ്മാണ ധനസഹായം അനുവദിയ്ക്കുന്നതിനായി ഭൗതിക ലക്ഷ്യം നിശ്ചയിച്ചു നൽകിയവരുടെ എണ്ണം :15000<br><br>സി) 2007-2008 മുതൽ 2015-2016 വരെ അനുവദിച്ച വീടുകളുടെ പൂർത്തീകരണം/പുതിയ വീടുകളുടെ നിർമ്മാണത്തിനുമായി അനുവദിച്ച തുക : 265/- കോടി<br><br>ഡി) 2007-2008 മുതൽ 2015-2016 വരെ അനുവദിച്ച വീടുകളിൽ പൂർത്തിയാകാതെ അവശേഷിച്ച (16363) വീടുകളിൽ പൂർത്തീകരിച്ചവയുടെ എണ്ണം: 4201<br><br>ഇ) 2016-2017 വർഷം അനുവദിച്ച വീടുകളിൽ ഒന്നാംഗഡു അനുവദിച്ച വീടുകളുടെ എണ്ണം : 11029<br><br>എഫ്) രണ്ടാംഗഡു അനുവദിച്ച വീടുകളുടെ എണ്ണം : 3389<br><br>ജി) മൂന്നാംഗഡു അനുവദിച്ച വീടുകളുടെ എണ്ണം : 1109<br><br>എച്ച്) പൂർത്തീകരിച്ച വീടുകളുടെ എണ്ണം : 355<br><br>__പട്ടികവർഗ്ഗ വികസന വകുപ്പ്__<br><br>എ) വിവിധ ഭവന നിർമ്മാണ പദ്ധതികളിലുൾപ്പെടുത്തി വീട് അനുവദിച്ചവരുടെ എണ്ണം : 6709<br><br>ബി) ഭൂമി അനുവദിച്ചവരുടെ എണ്ണം : 56<br><br>സി) വാങ്ങിയ ഭൂമിയുടെ അളവ് : 25.588 ഏക്കർ<br><br>ഡി) ഇതിനായി ചെലവഴിച്ച തുക : 5,65,75,800/- |

| | | | |
|---|---|---|---|
| (ഡി) | പണി പൂർത്തിയാകാതെ കിടക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന്റെ വീട്ടുകൾ പൂർത്തീകരിക്കുന്നതിന് എന്ത് തുകയാണ് നടപ്പ് ബഡ്ജറ്റിൽ നീക്കി വച്ചിരുന്നത്; അതിൽ ഇതിനകം എന്ത് തുക ചെലവഴിച്ചു; | (ഡി) | എ) <u>പട്ടികജാതി വികസന വകുപ്പ്</u> 2007-08 മുതൽ അനുവദിച്ച വീട്ടുകളിൽ പൂർത്തിയാകാത്ത വീട്ടുകളുടെ പൂർത്തീകരണത്തിനും 2016-17 വർഷത്തെ വീട്ടുകളുടെ നിർമ്മാണത്തിനും ഭവന പുനരുദ്ധാരണ പദ്ധതിയ്ക്കുമായി വകയിരുത്തിയിട്ടുള്ള തുക: 265/- കോടി രൂപ<br>ഇതിനകം ചെലവഴിച്ച തുക :<br>213,73,06,500/- രൂപ<br><u>ബി) പട്ടികവർഗ്ഗ വികസന വകുപ്പ്:</u><br>പണി പൂർത്തിയാകാതെ കിടക്കുന്ന വീട്ടുകൾ പൂർത്തീകരിക്കുന്നതിനായനുവദിച്ച തുക: 166,78,94,000/- രൂപ<br>നാളിതുവരെ ചെലവഴിച്ച തുക: 154,65,05,162/- രൂപ |
| (ഇ) | വീടിനോടൊപ്പം പഠനമുറികൾ സജ്ജീകരിക്കുന്ന പദ്ധതി പ്രകാരം എത്രപേർക്ക് ധനസഹായം അനുവദിച്ചെന്നും എത്ര പഠനമുറികൾ പൂർത്തിയാക്കിയെന്നും അറിയിക്കുമോ? | (ഇ) | <u>പട്ടികജാതി വികസന വകുപ്പ്,</u> പഠനമുറി സജ്ജീകരിക്കുന്ന പദ്ധതി പരിശോധിച്ച് വരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിൽ കമ്മ്യൂണിറ്റി പഠനമുറി പദ്ധതി നടപ്പാക്കുന്ന കാര്യം പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ